# അമലും അമൃതയും ഇനി സർക്കാരിന്റെ മക്കൾ

എച്ച്.ഐ.വി. ബാധയെ തുടർന്ന് മരിച്ച ദമ്പതികളുടെ മക്കളായ കാസർഗോഡ് വെങ്ങാട്ടെ അമലും അമൃതയും ഇനി സർക്കാരിന്റെ മക്കൾ. ചെറുവത്തൂർ ബസ്സ് സ്റ്റാന്റ് പരിസരത്ത് നാടിന്റെ സ്നേഹം വിതുമ്പിയ ചടങ്ങിൽ ആരോഗ്യ-സാമൂഹ്യക്ഷേമ മന്ത്രി പി.കെ. ശ്രീമതി ടീച്ചർ കുട്ടികളെ സർക്കാരിലേക്ക് ദത്തെടുത്തു.

എയ്ഡ്സ് ബാധിതരായി മരണപ്പെടുന്നവരുടെ നിരാലംബരായ കുട്ടികളുടെ പുനരധിവാസത്തിനായി സംസ്ഥാന സർക്കാരിന്റെ പങ്കാളിത്തത്തോടെ രൂപീകരിച്ച കേരളാ ഇനിഷ്യേറ്റീവ്-കേരളീയം എന്ന സംഘടനയുടെ നവജീവനത്തിൽ ഉൾപ്പെടുത്തിയാണ് കുട്ടികളെ ദത്തെടുത്തത്.




അമലും അമൃതയും ആരോഗ്യ-സാമൂഹ്യക്ഷേമവകുപ്പ് മന്ത്രി ശ്രീമതി ടീച്ചറിനോടൊപ്പം.

കുട്ടികളെ ഏറ്റെടുത്തുകൊണ്ടുള്ള രേഖ കേരളീയം സെക്രട്ടറി എൻ.ആർ. ഹരികുമാറിന് മന്ത്രി കൈമാറി.

ജനപ്രതിനിധികളും ഉദ്യോഗസ്ഥരും ചേർന്ന് അമൃതയുടെയും അമലിന്റെയും സംരക്ഷണരൂപരേഖ തയ്യാറാക്കി. ഇതനുസരിച്ച് സാമൂഹ്യക്ഷേമ വകുപ്പ് കുട്ടികളുടെ ദിനചര്യ നോക്കുന്നതിനായി ഒരു ഹോം നഴ്സിനെ ഏർപ്പെടുത്തും.

ഇടയ്ക്കിടെ രോഗം മൂർഛിക്കുന്ന അമലിന് അടിയന്തര വൈദ്യ സഹായം നൽകും. ശിശുരോഗവിദഗ്ധൻ അമലിനെ ചികിത്സിക്കും. ആഴ്ചയിൽ രണ്ടുതവണ അങ്കണവാടി വർക്കർമാരും ഒരു തവണ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറും രണ്ടാഴ്ചയിലൊരിക്കൽ മെഡിക്കൽ ഓഫീസറും കുട്ടികളെ സന്ദർശിക്കും.

ഊഞ്ഞാൽ, കളിക്കോപ്പുകൾ, ടി.വി., അലങ്കാരവസ്തുക്കൾ, പാവകൾ തുടങ്ങി മാനസികോല്ലാസം പ്രദാനം ചെയ്യുന്നവയെല്ലാം ഇവരുടെ വീട്ടിൽ സജ്ജീകരിക്കും. നവജീവനപദ്ധതിയ്ക്ക് കീഴിൽ വെങ്ങാട്ടെ വീട്ടിൽ തന്നെയാണ് അമലിനെയും അമൃതയെയും താമസിപ്പിക്കുന്നത്.

പ്രതിവർഷം 15,000 രൂപ കുട്ടികൾക്ക് നൽകും. ഇതിന് പുറമെ സർക്കാരിന്റെ നേതൃത്വത്തിൽ ദൈനംദിന ചെലവുകളും ലഭ്യമാക്കും. സംരക്ഷണച്ചുമതല വഹിക്കാൻ ആദ്യഗഡുവായി 25,000 രൂപ പഞ്ചായത്ത് സെക്രട്ടറിക്ക് മന്ത്രി നൽകി.

കെ.അബ്ദുറഹിമാൻ
ജില്ലാ ഇൻഫർമേഷൻ ഓഫീസർ, കാസർഗോഡ്

# ആദ്യ സമ്പൂർണ ബാങ്കിംഗ് സേ
# പാലക്കാട് ഒരു

രാജ്യത്തെ ആദ്യ സമ്പൂർണ ബാങ്കിങ് സേവന ജില്ലയാകാൻ പാലക്കാട് ഒരുങ്ങുന്നു. റിസർവ് ബാങ്കിന്റെ 2005-06 ലെ വാർഷിക നയരേഖയുടെ അടിസ്ഥാനത്തിലാണ് കേരളത്തിൽ പാലക്കാട് ജില്ലയെ പരീക്ഷണാടിസ്ഥാനത്തിൽ ഈ പദ്ധതി നടപ്പാക്കാൻ തെരഞ്ഞെടുത്തത്.

അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് വി. രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ കലക്ടറേറ്റിൽ നടന്ന ജില്ലാതല ബാങ്കിങ് കൂടിയാലോചനാസമിതിയോഗം ഇതു സംബന്ധിച്ച നടപടികൾ അവലോകനം ചെയ്തു. ജില്ലയിലെ എല്ലാ കുടുംബങ്ങൾക്കും ആഗസ്റ്റ് 31 നകം ബാങ്ക് അക്കൗണ്ട് തുറക്കുന്നത് ഉറപ്പുവരുത്തുമെന്ന് ലീഡ് ബാങ്ക് മാനേജർ പി. അനിൽകുമാർ പറഞ്ഞു. അക്കൗണ്ടിൽ ഒരു നിശ്ചിതതുക ബാലൻസ് വേണമെന്നുള്ള നിബന്ധന ഒഴിവാക്കി, പാവപ്പെട്ട കുടുംബങ്ങൾക്ക് പൂജ്യം ബാലൻസ് അക്കൗണ്ട് തുടങ്ങാൻ അനുമതി നല്കുന്നതാണ് പദ്ധതി.

ബാങ്കിംഗ് രംഗത്തേയ്ക്ക് മൊത്തം ജനങ്ങളെയും ആകർഷിക്കുന്നതിനു വേണ്ടിയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ബാങ്കിംഗ് സൗകര്യങ്ങൾ ചെലവു കുറഞ്ഞ രീതിയിൽ ലഭ്യമാക്കുന്നതിൽ എല്ലാ ബാങ്കുകളുടെയും പങ്ക് ഉറപ്പാക്കും.



ഈ സാഹചര്യത്തിൽ കൂടുതൽ സാമ്പത്തിക ഉൾപ്പെടുത്തൽ എന്ന ലക്ഷ്യം ഫലപ്രദമായി നേരിടുന്നതിനുവേണ്ടി നോ ഫ്രിൽസ് അക്കൗണ്ട് (വളരെ കുറഞ്ഞ മിനിമം ബാലൻസ് അഥവാ പൂജ്യം ബാലൻസ് അക്കൗണ്ട്) സൗകര്യം ലഭ്യമാക്കണമെന്നും കൂടുതൽ ജനങ്ങൾക്ക് ഇത്തരം അക്കൗണ്ടുകൾ മുഖേന കുറഞ്ഞ ചെലവിൽ ഇടപാടുകൾ നടത്തുന്നതിന് സാധ്യമാക്കണമെന്നും റിസർവ് ബാങ്ക് എല്ലാ ബാങ്കുകളോടും നിർദേശിച്ചിട്ടുണ്ട്. ഇത്തരം അക്കൗണ്ടുകളിലൂടെയുള്ള ഇടപാടുകളുടെ എണ്ണവും തരവും മറ്റും ബാങ്കുകൾക്ക് നിജപ്പെടുത്താം. നിബന്ധനകളിൽ സുതാര്യത നിലനിർത്തിക്കൊണ്ടും ഇടപാടുകാരന്റെ മുൻകൂർ അറിവോടെയും

# ജോസ് ബേബി നിയമസഭാ ഡപ്യൂട്ടിസ്പീക്കർ



മണ്ണാർക്കാട് എം.എൽ.എ.യാണ് ജോസ് ബേബി. 1996ലും 2001ലും മണ്ണാർക്കാട്ട് നിന്ന് നിയമസഭയിലെത്തിയിരുന്നു. പത്തനംതിട്ട തെക്കേചെരുവിൽ ബേബിയുടെയും ഏലിയാമ്മയുടെയും മകനാണ്. യുവജനപ്രസ്ഥാനത്തിലൂടെയാണ് പൊതുരംഗത്ത് എത്തിയത്. ലാലിയാണ് ഭാര്യ.

# നിയമനങ്ങൾ



ടി.കെ. ജോസ്, IAS
തദ്ദേശഭരണവകുപ്പ് സെക്രട്ടറി



ശാരദ മുരളീധരൻ, IAS
കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ



അശോക് കുമാർ സിംഗ്, IAS
കളക്ടർ, പത്തനംതിട്ട